# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

## പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം
2014 ജൂണ്‍ 27, വെള്ളി
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങള്‍
(ആകെ ചോദ്യങ്ങള്‍ - 30)

| മറുപടി നല്‍കുന്ന മന്ത്രിമാര്‍ |
|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |

### അറവുശാലകളുടെ ശാസ്ത്രീയ ഉപയോഗം

*421 ശ്രീ. റോഷി അഗസ്റ്റിന്‍
,, എം. വി. ശ്രേയാംസ് കുമാര്‍
ഡോ. എന്‍. ജയരാജ്
ശ്രീ. പി. സി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് അറവുശാലകളുടെ നിര്‍മ്മാണം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യമായ ചുമതലയായി കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) അറവുശാലകളുടെ അഭാവം നേരിടുന്ന പഞ്ചായത്തുകള്‍ ഉണ്ടോ; വിശദാംശങ്ങള്‍ നല്കാമോ ;

(സി) നടപ്പു സാമ്പത്തിക വര്‍ഷം അറവുശാലകളുടെ നിര്‍മ്മാണത്തിനായി തുക നീക്കിവച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) അറവുശാലകളുടെ ശാസ്ത്രീയമായ ഉപയോഗത്തെക്കുറിച്ച് ബോധവല്‍ക്കരണം നടത്തുന്നതിനും അവയുടെ ശുചിത്വം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ബാലാവകാശ കമ്മീഷൻ ഓൺലൈൻ നിരീക്ഷണ സംവിധാനം</u>

*422 ശ്രീ. കെ. അച്ചുതൻ
,, ഐ. സി. ബാലകൃഷ്ണൻ
,, വി. ഡി. സതീശൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാലാവകാശകമ്മീഷന്റെ ഓൺലൈൻ നിരീക്ഷണ സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സംവിധാനത്തിന്റെ പ്രവർത്തനരീതി എങ്ങനെയെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നത് നിരീക്ഷിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് സംവിധാനത്തിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം കാര്യങ്ങളിലാണ് നിരീക്ഷണം നടത്തി പരിഹാരമുണ്ടാക്കാൻ കമ്മീഷൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 27.06.2014–ലെ മറുപടിക്ക്

<u>പാൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതി</u>

*423 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ആർ. സെൽവരാജ്
,, എം. പി. വിൻസെന്റ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാൽ ഉത്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) പാൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 27.06.2014–ലെ മറുപടിക്ക്

**2013 –14 വാർഷിക പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം**

*424 ശ്രീ. കെ. സുരേഷ് കുറുപ്പ്
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. വി. ചെന്താമരാക്ഷൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 –14 വാർഷിക പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ പദ്ധതി നടത്തിപ്പിലൂടെ സർക്കാർ മുന്നോട്ടുവച്ച ലക്ഷ്യങ്ങൾ നേടാനായോ എന്ന് വ്യക്തമാക്കുമോ;

(സി) ഭവനം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകൾ നിശ്ച യിച്ചിരുന്നതിനേക്കാൾ കുറവ് തുക ചെലവഴിക്കാനിട യായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്ത മാക്കുമോ;

(ഡി) ജനങ്ങളുമായി നേരിട്ട് ബന്ധമുള്ള മിക്ക വകുപ്പുക ളിലും പദ്ധതി നിർവ്വഹണം തൃപ്തികരമല്ലെന്ന ആരോ പണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ഇന്ദിരാ ആവാസ് യോജനയുടെ നടത്തിപ്പ്</u>

*425 ശ്രീ. പി. ഉബൈദുള്ള
,, റ്റി.എ. അഹമ്മദ് കബീര്‍
,, സി. മോയിന്‍കുട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇന്ദിരാ ആവാസ് യോജനയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം പ്രസ്തുത പദ്ധതി പ്രകാരം എത്ര വീടുകള്‍ നിര്‍മ്മിച്ചുനല്‍കി എന്ന് വ്യക്തമാക്കുമോ;

(സി) ഏതു ഏജന്‍സി വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നതെന്നും നടത്തിപ്പിലെ കാര്യക്ഷമത നിരീക്ഷിക്കാനുള്ള സംവിധാനമെന്താണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

ഹോർട്ടികോർപ്പിന്റെ പച്ചക്കറി വിപണനം

*426 ശ്രീ. സി. കൃഷ്ണൻ
,, കെ.കെ. ജയചന്ദ്രൻ
,, വി. ചെന്താമരാക്ഷൻ
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി വിപണിയിൽ ഹോർട്ടികോർപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) ഹോർട്ടികോർപ്പിന്റെ സ്റ്റാളുകളിൽ പച്ചക്കറിക്ക് പൊതു വിപണിയേക്കാൾ അധിക വില ഉപഭോക്താക്കൾക്ക് നൽകേണ്ടി വരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച കാരണം വ്യക്തമാക്കാമോ;

(സി) സ്റ്റാളുകളിലേക്ക് പച്ചക്കറി എത്തിക്കുന്നതിന് ഹോർട്ടികോർപ്പ് ട്രക്കുകൾ വാങ്ങിയിരുന്നുവോ; ഇവ ഇപ്പോൾ ഏതെല്ലാം പ്രദേശങ്ങളിലാണ് സേവനം നടത്തുന്നതെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>പ്രോജക്ട് ഫിനാൻസിംഗ് സെല്ലിന്റെ പ്രവർത്തനം</u>

*427 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എളമരം കരീം
,, എസ്. രാജേന്ദ്രൻ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികൾക്ക് ബജറ്റ് ഇതര സ്രോതസ്സുകളിൽ നിന്ന് വിഹിതം സമാഹരിക്കുന്നതിനായി പ്ലാനിംഗ് ബോർഡിൽ രൂപീകരിച്ച പ്രോജക്ട് ഫിനാൻസിംഗ് സെല്ലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സെല്ലിന്റെ പ്രവർത്തനം വഴി ഏതെങ്കിലും സ്രോതസ്സുകളിലൂടെ എന്തെങ്കിലും വിഹിതം നേടിയെടുക്കാനായിട്ടുണ്ടോ;

(സി) ഇതിനായി ഏതെല്ലാം പ്രോജക്ടുകൾക്ക് സാങ്കേതിക സഹായം നൽകുകയുണ്ടായെന്ന് വിശദമാക്കാമോ; ഇതിൽ നടപ്പിലായ പ്രോജക്ടുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സെല്ലിന്റെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ എന്തു തുക ഖജനാവിൽ നിന്നും ചെലവഴിച്ചെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം

*428 ശ്രീ. ജോസഫ് വാഴക്കൻ
,, എം.എ. വാഹീദ്
,, വി.പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭാപ്രദേശങ്ങളിലെ ഗുരുതരമല്ലാത്ത അനധികൃത നിർമ്മാണങ്ങൾ പിഴ ഈടാക്കി ക്രമവത്കരിക്കാൻ നടപടികൾ എടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) എന്തെല്ലാം കർശന നിബന്ധനകൾക്ക് വിധേയമായാണ് അനധികൃത നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) നഗരങ്ങളിൽ അനധികൃത നിർമ്മാണങ്ങൾ നടത്താതിരിക്കാൻ എന്തെല്ലാം കർശന നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

ഹോർട്ടികോർപ്പ് സ്ഥാപനങ്ങൾക്കുവേണ്ടി പച്ചക്കറി സംഭരണം

*429 ശ്രീമതി ഗീതാ ഗോപി
ശ്രീ. വി.എസ്. സുനിൽ കുമാർ
,, കെ. അജിത്
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പ് സ്ഥാപനങ്ങൾക്കുവേണ്ടി ഏതെല്ലാം രീതികളിലാണ് പച്ചക്കറി സംഭരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കർഷകരുടെ ഉൽപന്നങ്ങൾക്ക് വിപണിവില നൽകാറുണ്ടോ;

(സി) പച്ചക്കറി സംഭരണശാലയിലേയ്ക്ക് ലോക്കലായി സ്വകാര്യ വ്യക്തികളിൽനിന്നും നേരിട്ട് സാധനങ്ങൾ വാങ്ങാറുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിൽ സാധനങ്ങൾ വാങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം;

(ഡി) വിതരണത്തിന് ആവശ്യമായ പച്ചക്കറികൾ കർഷകരിൽ നിന്നും ലഭിക്കുമെങ്കിൽ അവ സംഭരിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം;

(ഇ) സർക്കാർ - അർദ്ധസർക്കാർ സ്ഥാപനങ്ങളിൽനിന്നും ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>മുനിസിപ്പാലിറ്റികളിലെ സാമ്പത്തിക പ്രതിസന്ധി</u>

*430 ശ്രീ. ആർ. രാജേഷ്
,, എം. ഹംസ
,, കെ. ദാസൻ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ മുനിസിപ്പാലിറ്റികളിൽ സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുനിസിപ്പാലിറ്റികളുടെ വരുമാനശോഷണമാണ് ഈ അവസ്ഥയ്ക്ക് കാരണമെന്ന് കരുതുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) അൺ എയിഡഡ് സ്കൂളുകളുടെ കെട്ടിടനികുതി ഒഴിവാക്കാൻ നിയമനിർമ്മാണം നടത്തുകവഴി സർക്കാരും മുനിസിപ്പാലിറ്റികളുടെ വരുമാനശോഷണത്തിന് കാരണമായിട്ടുണ്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സാഹചര്യങ്ങളിൽ മുനിസിപ്പാലിറ്റികളെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>ഹോർട്ടികോർപ്പ് സ്റ്റാളുകളിലെ പച്ചക്കറിയുടെ വില</u>

*431 ശ്രീ. തോമസ് ചാണ്ടി
,, എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോർട്ടി കോർപ്പ് സ്റ്റാളുകളിൽ പച്ചക്കറിക്ക് പൊതുവിപണിയേക്കാൾ വില കൂടുതലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ കരാർ ഉദ്യോഗസ്ഥ ലോബിയുടെ ഒത്തുകളിയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ അതിന്മേൽ നടപടി സ്വീകരിക്കുമോ;

(ബി) കർഷകരിൽ നിന്നും പരമാവധി വിലയ്ക്ക് നേരിട്ട് ഉൽപ്പന്നങ്ങൾ ശേഖരിച്ച് കുറഞ്ഞ വിലയിൽ വിറ്റഴിക്കുക എന്ന സർക്കാരിന്റെ ലക്ഷ്യത്തിന് വിരുദ്ധമായി സംഭവിക്കുന്ന ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കർഷകരിൽ നിന്നും നേരിട്ട് കുറച്ച് ഉത്പന്നങ്ങൾ മാത്രമാണ് വാങ്ങുന്നതെന്നും ബാക്കി മൊത്തക്കച്ചവടക്കാരിൽ നിന്നുമുള്ള രണ്ടാം തരം ഉത്പന്നങ്ങളാണ് വാങ്ങുന്നതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിന് ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.06.2014–ലെ മറുപടിക്ക്

<u>അനാഥാലയങ്ങളുടെ പ്രവർത്തനം</u>

*432 ശ്രീ. റ്റി. വി. രാജേഷ്
,, എം. എ. ബേബി
,, സാജു പോൾ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനാഥാലയങ്ങൾ ഏത് നിയമത്തിൻ കീഴിലാണ് പ്രവർത്തിക്കുന്നത് എന്നറിയിക്കാമോ;

(ബി) അനാഥാലയങ്ങളുടെ രജിസ്ട്രേഷൻ ജുവൈനൽ ജസ്റ്റിസ് ആക്ട് പ്രകാരമായിരിക്കണമെന്ന നിഷ്കർഷ ഈ സർക്കാർ അധികാരമേറ്റതിനുശേഷം പിൻവലിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ അനാഥാലയങ്ങളെ ജുവൈനൽ ജസ്റ്റിസ് ആക്ടിൻ കീഴിൽ കൊണ്ടുവരുന്നതിന് സർക്കാരിന് ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ ശുപാർശ ചെയ്തിട്ടുണ്ടോ; ഇതിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ എന്നറിയിക്കുമോ ?

# കേരള നിയമസഭ
## 27.06.2014–ലെ മറുപടിക്ക്

<u>കാർഷിക ഉല്പന്നങ്ങൾ സംഭരിച്ച് കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സംവിധാനം</u>

*433 ശ്രീമതി കെ.എസ്. സലീഖ
ശ്രീ. ഇ.പി. ജയരാജൻ
,, എസ്. രാജേന്ദ്രൻ
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉല്പന്നങ്ങൾ സംഭരിച്ച് കേട് കൂടാതെ സൂക്ഷിക്കുന്നതിനായി കർഷകർക്ക് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്;

(ബി) ചില കാർഷിക വിളകളുടെ അമിതോല്പാദനം മൂലം കർഷകർ നേരിടുന്ന വിലത്തകർച്ച ഇത്തരം സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിലൂടെ ഒഴിവാക്കാൻ സാധിക്കുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(സി) എല്ലാ താലൂക്കുകളിലും ഉല്പന്നങ്ങൾ കേട് കൂടാതെ സൂക്ഷിക്കാൻ കോൾഡ് സ്റ്റോറേജ് സംവിധാനമുള്ള കർഷക മാർക്കറ്റുകൾ സ്ഥാപിക്കുമെന്ന ബജറ്റ് പ്രഖ്യാപനം നടപ്പാക്കിയോ; വിശദാംശങ്ങൾ നൽകാമോ ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

<u>ക്വാറികളിലെ വെള്ളക്കെട്ടിലുണ്ടാകുന്ന ജീവഹാനി</u>

*434 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മർ മാസ്റ്റർ
,, സി. മമ്മൂട്ടി
,, കെ. എം. ഷാജി.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരപരിധിയിലെ ക്വാറികളിൽ രൂപംകൊള്ളുന്ന വെള്ളക്കെട്ടിൽ മനുഷ്യനുൾപ്പെടെയുള്ള ജീവജാലങ്ങൾക്ക് അപകടക്കെണിയൊരുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവയെ വേലികെട്ടി സംരക്ഷിച്ച് മനുഷ്യോപയോഗപ്രദമായ കാര്യങ്ങൾക്ക് വിനിയോഗിക്കാനുള്ള പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

12-ാം പഞ്ചവത്സര പദ്ധതിയുടെ പരിഷ്ക്കരിച്ച മാർഗ്ഗരേഖ

*435 ശ്രീ. ലൂഡി ലൂയിസ്
,, എം.എ. വാഹീദ്
,, വി.പി. സജീന്ദ്രൻ
,, പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 12-ാം പഞ്ചവത്സര പദ്ധതിയുടെ പരിഷ്ക്കരിച്ച മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മാർഗ്ഗരേഖയുടെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾക്ക് പുതിയ മാർഗ്ഗരേഖ എത്രത്തോളം സഹായകരമാകും എന്നത് വിശദമാക്കുമോ;

(ഡി) മാർഗ്ഗരേഖയ്ക്ക് എന്ന് മുതലാണ് പ്രാബല്യം നൽകിയിട്ടുള്ളതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

**സ്വയംസഹായ സംഘങ്ങൾക്ക് മലയോര വികസന ഏജൻസിയുടെ തൊഴിൽ പദ്ധതി**

*436 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ആർ. സെൽവരാജ്
,, വി. റ്റി. ബൽറാം
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മലയോര വികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ സ്വയംസഹായ സംഘങ്ങൾക്ക് സ്വയം തൊഴിൽ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയനുസരിച്ച് കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) ഏതെല്ലാം മേഖലകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) എന്തെല്ലാം ധനസഹായങ്ങളാണ് സംഘങ്ങൾക്ക് പദ്ധതിയനുസരിച്ച് നൽകുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2014–ലെ മറുപടിക്ക്

നീരയുല്പന്നങ്ങളുടെ വിപണി

*437 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ജോസഫ് വാഴക്കൻ
,, കെ. മുരളീധരൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാളികേര വികസന ബോർഡ് നീരയും നീരയുല്പന്നങ്ങളും വിപണിയിലേയ്ക്ക് എത്തിക്കുന്ന പ്രക്രിയയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇവ നിർമ്മിക്കുവാനും വിപണനത്തിനും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഇതിന്റെ പ്രവർത്തനവുമായി ആരെല്ലാമാണ് സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിന്റെ നിർമ്മാണത്തിനു വേണ്ട സാങ്കേതിക ഉപദേശങ്ങളും സഹായവും ആരുടെ ആഭിമുഖ്യത്തിലാണ് നടത്തുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര നാളികേര വികസന പദ്ധതി</u>

*438 ശ്രീ. വി. ഡി. സതീശൻ
,, ഐ. സി. ബാലകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര നാളികേര വികസന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) എത്ര ഹെക്ടർ സ്ഥലത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>കേന്ദ്ര പദ്ധതികൾ നടപ്പാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ</u>

*439 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രപദ്ധതികൾ നടപ്പാക്കുമ്പോൾ സംസ്ഥാനങ്ങൾക്ക് നിശ്ചിത ശതമാനം തുക യഥേഷ്ടം ചെലവാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എത്ര ശതമാനം തുകയാണ് സംസ്ഥാനങ്ങൾക്ക് യഥേഷ്ടം ചെലവാക്കാവുന്നതെന്നും, വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തിന് ഇതുമൂലം എന്തെല്ലാം ഗുണങ്ങളും നേട്ടങ്ങളുമാണ് ലഭിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>കാര്‍ഷിക ഉല്പാദന ചെലവ്</u>

*440 ശ്രീ. കെ.കെ നാരായണന്‍
,, എം. ചന്ദ്രന്‍
,, ബി. ഡി. ദേവസ്സി
,, പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും** വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കൃഷിക്കാരുടെ ഉല്പന്നങ്ങള്‍ക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിന് സാദ്ധ്യമാകുന്നുണ്ടോ;

(ബി) കാര്‍ഷിക ഉല്പാദന ചെലവില്‍ വന്‍ വര്‍ദ്ധന നേരിട്ടിട്ടുള്ളതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) കാര്‍ഷിക ഉല്പാദക സംഘങ്ങള്‍ സ്ഥാപിക്കുന്നതിനും ഉല്പന്നങ്ങള്‍ കേട് കൂടാതെ സൂക്ഷിക്കുന്നതിന് കര്‍ഷക മാര്‍ക്കറ്റുകള്‍ സ്ഥാപിക്കുന്നതിനും ബജറ്റില്‍ പ്രഖ്യാപിച്ച പദ്ധതികള്‍ നടപ്പാക്കിയിട്ടുണ്ടോ; എങ്കില്‍ വിശദാംശങ്ങള്‍ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>സച്ചാർ കമ്മിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കുന്നതിന് നടപടി</u>

*441 ശ്രീ. സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സച്ചാർ കമ്മിറ്റിയുടെ ശുപാർശകൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) അതുസംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) സച്ചാർ കമ്മിറ്റി ശുപാർശകളെത്തുടർന്ന് പാലൊളി കമ്മിറ്റി സമർപ്പിച്ച ശുപാർശകൾ എന്തൊക്കെയായിരുന്നു; വ്യക്തമാക്കുമോ;

(ഡി) അവയിൽ ഏതൊക്കെ നടപ്പിലാക്കി എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2014–ലെ മറുപടിക്ക്

<u>സാമൂഹ്യക്ഷേമ പദ്ധതി നടത്തിപ്പിനുള്ള സംവിധാനങ്ങൾ</u>

*442 ശ്രീ. കെ.എം. ഷാജി
,, സി. മമ്മൂട്ടി
,, വി. എം ഉമ്മർ മാസ്റ്റർ
,, എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ആവിഷ്ക്കരിച്ചു നടപ്പാക്കിയ സാമൂഹ്യക്ഷേമപദ്ധതികളുടെ വിശദവിവരം നല്കാമോ;

(ബി) ഇവയുടെ കാര്യക്ഷമമായ നടത്തിപ്പിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ സംബന്ധിച്ച വിവരം വ്യക്തമാക്കുമോ;

(സി) ഇത്രയേറെ പദ്ധതികൾ നടപ്പാക്കിയിട്ടും അനാഥരും ഗുരുതരരോഗം ബാധിച്ചവരും വൃദ്ധരും അശരണരായി തെരുവിൽ അലയുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തു ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>സമഗ്ര ക്ഷീരവികസന പദ്ധതി</u>

*443 ശ്രീ. എം. ചന്ദ്രൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ജെയിംസ് മാത്യു
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ പാൽക്ഷാമം നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; പാലിന്റെ പ്രതിദിന ആവശ്യവും ലഭ്യതയും ഏറ്റവും കൂടുതലും കുറവുമുള്ള മേഖലകളെ കുറിച്ച് വിശദമാക്കുമോ;

(ബി) പാൽക്ഷാമം കൂടുതലായി നേരിടുന്ന മേഖലകളിൽ അതിന്റെ കാരണവും പരിഹാരവും സംബന്ധിച്ച് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് സമഗ്രക്ഷീര വികസന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും അതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>വിദേശത്ത് ജോലി നഷ്ടപ്പെട്ട് മടങ്ങി വരുന്നവരെ സഹായിക്കാൻ പദ്ധതികൾ</u>

*444 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്
,, സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോർക്കയിലൂടെ എത്ര പ്രവാസികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്;

(ബി) അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രവാസി ജീവിതം കഴിഞ്ഞ് മടങ്ങി വരുന്നവരുടെ സേവനം കേരളീയ സമൂഹത്തിന് പ്രയോജനപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ നോർക്ക ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 27.06.2014-ലെ മറുപടിക്ക്

<u>മുട്ട ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ</u>

*445 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കെ.വി. വിജയദാസ്
ശ്രീമതി കെ.കെ. ലതിക
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുട്ട ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.പി.ഡി.സി. എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്നറിയിക്കാമോ;

(ബി) ഇതിലൂടെ മുട്ട ഉത്പാദനത്തിൽ വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

പഞ്ചായത്തുകളിലെ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം

*446 ശ്രീ. അൻവർ സാദത്ത്
,, കെ. ശിവദാസൻ നായർ
,, പി.എ മാധവൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ സംഖ്യാ സോഫ്റ്റ് വെയർ ഉപയോഗിച്ചുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത സംവിധാനത്തിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പഞ്ചായത്തുകളിലെ കണക്കുകളിൽ കൃത്യത ഉറപ്പാക്കാൻ ഇത് എത്ര മാത്രം സഹായിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) പ്രസ്തുത സംവിധാനം വികസിപ്പിച്ചത് ആരാണ് ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

**കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ**

*447 ശ്രീ. കെ. വി. വിജയദാസ്
,, പി. കെ. ഗുരുദാസൻ
,, വി. ശിവൻകുട്ടി
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിലൂടെ നടപ്പാക്കുന്ന വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച ഉത്തരവ് ലഭ്യമാക്കാമോ;

(ബി) ഇതിന് പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണ് എന്ന് അറിയിക്കാമോ;

(സി) പ്രസ്തുത തീരുമാനം വികേന്ദ്രീകൃതാസൂത്രണത്തെ ബാധിക്കുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടായിരുന്നുവോ; വിശദമാക്കുമോ?

**കേരള നിയമസഭ**
**27.06.2014-ലെ മറുപടിക്ക്**

<u>വികസനപദ്ധതികളിലൂടെ കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് പഠനം</u>

*448 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, എം. എ. ബേബി
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികസനപദ്ധതികളിലൂടെ കൈവരിക്കാൻ കഴിഞ്ഞ സാമ്പത്തിക ഭൗതിക നേട്ടങ്ങളും കോട്ടങ്ങളും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന ആസൂത്രണ ബോർഡ് പഠനവിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ ഏറ്റവും ഒടുവിലത്തെ പഠനത്തിലൂടെയുള്ള കണ്ടെത്തലുകൾ വിശദമാക്കാമോ;

(ബി) 2013-14 ലെ പദ്ധതി നടത്തിപ്പിലെ പ്രധാന പോരായ്മകളും വീഴ്ചകളും എന്തെല്ലാമായിരുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; അത് പരിഹരിക്കാൻ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

മാലിന്യനിർമ്മാർജ്ജനത്തിനായി അനുവദിച്ച തുക

*449 ശ്രീ. എൻ. ഷംസുദ്ദീൻ
,, പി.കെ. ബഷീർ
,, പി.ബി. അബ്ദുൾ റസാക്
,, കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് നഗരപാലികാനിയമം നിലവിൽ വന്നശേഷം ശുചീകരണം, മാലിന്യനിർമ്മാർജ്ജനം എന്നിവയുടെ നിർവ്വഹണ ഉത്തരവാദിത്തം ഏതൊക്കെ വിഭാഗങ്ങൾക്കാണെന്നതിന്റെ വിശദവിവരം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജൈവ-ഖര-പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിർമ്മാർജ്ജന പദ്ധതികളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയ്ക്ക് ഇതേവരെ എന്തു തുക നൽകിയിട്ടുണ്ടെന്നത് സംബന്ധിച്ച വിശദവിവരം നൽകുമോ;

(സി) പ്രസ്തുത തുകയുടെ വിനിയോഗവും കൈവരിച്ച നേട്ടങ്ങളും സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2014-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിലെ പൊതുശ്മശാനങ്ങൾ</u>

*450 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ പൊതുശ്മശാനങ്ങൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് ആലോചന നടത്തിയിട്ടുണ്ടോ;

(ബി) ഇതിലേയ്ക്കായി പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന ഫണ്ട് ചെലവഴിക്കപ്പെടുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) പഞ്ചായത്തുകൾക്ക് അധിക ആനുകൂല്യങ്ങൾ നല്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് പൊതുശ്മശാനങ്ങൾ സ്ഥാപിക്കുന്നത് ത്വരിതപ്പെടുത്തുന്നതിന് മുൻകൈയെടുക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 18.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവസഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ചട്ടം 47(1)]